# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6517    09.07.2014 ൽ മറുപടിക്ക്**

## കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് റെയിൽവേ കോച്ച് നിർമ്മാണ ഫാക്ടറി എന്നാണ് പ്രഖ്യാപിക്കപ്പെട്ടത്; പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തു; അതിന് എന്തു തുക ചെലവഴിച്ചു; പ്രസ്തുത ഭൂമി റെയിൽവേക്ക് കൈമാറിയോ; എങ്കിൽ എന്ന് എന്നറിയിക്കുമോ; | (എ) | 2008-09 ലെ റെയിൽവേ ബഡ്ജറ്റിലാണ് പാലക്കാട് റെയിൽ കോച്ച് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചത്. ഈ പദ്ധതിക്കായി 429.27 ഏക്കർ ഭൂമിയാണ് 10,36,29,728/- രൂപ ചിലവിൽ ഏറ്റെടുത്തത്. ഏറ്റെടുത്ത ഭൂമിയിൽ നിന്നും 239 ഏക്കർ ഭൂമി 33.70 കോടി രൂപയ്ക്ക് 17.08.2012 ന് റെയിൽവേക്ക് കൈമാറി. |
| (ബി) | പ്രസ്തുത ഫാക്ടറിയുടെ നിർമ്മാണ പൂർത്തീകരണത്തിനായി എന്തു തുക ചെലവു വരുമെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഭൂമിയുടെ വില കൂട്ടാതെ 550 കോടി രൂപയാണ് ഫാക്ടറിയുടെ നിർമ്മാണത്തിന് ആവശ്യമെന്ന് റെയിൽവേ കണക്കാക്കുന്നത്. |
| (സി) | 23.01.2014 ന് അന്നത്തെ പ്രധാനമന്ത്രിയുടെ ഓഫീസിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത പദ്ധതി നിർവ്വഹണം സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന സർക്കാരിനെ സമയാസമയങ്ങളിൽ അറിയിക്കുവാൻ നിർദ്ദേശിച്ച പ്രകാരം റെയിൽവേ സംസ്ഥാന സർക്കാരിന് ആയതു സംബന്ധമായി എന്തെല്ലാം റിപ്പോർട്ടുകൾ ആണ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (സി) | 23.01.2014 ലെ ടി കത്തിനുശേഷം പദ്ധതിക്കായി റെയിൽവേക്ക് കൈമാറേണ്ട ബാക്കി 94.85 ഏക്കർ സ്ഥലത്തിൽ ഉൾപ്പെടുന്ന 92.75 ഏക്കർ വന ഭൂമി പദ്ധതിക്കായി നൽകുവാനുള്ള അനുമതിക്കായി ദക്ഷിണ റെയിൽവേ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അയച്ച 25.02.2014 ലെ അവരുടെ കത്തിന്റെ പകർപ്പും ഇക്കാര്യം റെയിൽവേ ബോർഡിന് ദക്ഷിണ റെയിൽവേ 07.04.2014 നു നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ടി അനുമതി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് ലഭിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ടുള്ള ദക്ഷിണ റെയിൽവേയുടെ 26.05.2014 ലെ കത്തും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ വർഷം പ്രസ്തുത പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദ മാക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ പ്രധാന റെയിൽവേ ആവശ്യങ്ങൾ 2014-15 ൽ തന്നെ നടപ്പിലാക്കാനാവശ്യമായ നടപടികളും വകയിരുത്തലുകളും ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ സമർപ്പിച്ച മെമ്മോറാണ്ടത്തിലും മുഖ്യമന്ത്രിയുടെ 30.05.2014 ലെ 7467/ഡി2/2014/ഗ്താ നമ്പർ അർദ്ധ ഔദ്യോഗിക കത്തുകൾ, 23.06.2014 ലെ 120/വി.ഐ.പി/സി.എം/2014 അർദ്ധ ഔദ്യോഗിക കത്തുകൾ മുഖേന ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്കും ബഹു. കേന്ദ്ര റയിൽവേ മന്ത്രിക്കും നൽകിയ വിശദമായ നിവേദനങ്ങളിൽ ഈ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ